الشيخ عبد الكريم الديوان



# "ലാ ഇലാഹ ഇല്ലല്ലാഹ്" യുടെ പൊരുൾ

ശൈഖ് അബ്ദുൽ കരീം ദീവാൻ

الملباري

سلطانة

ⓒ المكتب التعاوني للدعوة والإرشاد (الروضة) ، ١٤١٦هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

الديوان ، عبدالكريم

معنى لا إله إلا الله - الرياض .

٣٢ ص ؛ ١٢ × ١٧ سم

ردمك ٧ - ٢٨٨ - ٣١ - ٩٩٦٠

(النص باللغة المليبارية)

١ . التوحيد ٢ . الإيمان (الإسلام)

٣ . الشهادة (أركان الإسلام) أ . العنوان

ديوي ٢٤٠ ١٦/٣١٥٨

رقم الايداع : ١٦/٣١٥٨

ردمك: ٧ - ٢٨٨ - ٣١ - ٩٩٦٠

بسم الله الرحمن الرحيم

## راجـع النـص العـربـي

### فضيلة الشيخ / عبد الله بن عبد الرحمن الجبرين

الحمد لله وحده

وبعد فقد اطلعت على هذه الأوراق في معنى لااله الاالله وشروطها وماتستلزمه وهي صحيحه موافقة للأدلة ولتفسير العلماء المعتبرين .

قاله وكتبه عبدالله بن عبد الرحمن الجبرين عضو الأفتاء برئاسة ادارة البحوث العلمية والأفتاء .

وصلى الله على محمد وآله وصحبه وسلم

الحمد لله وحده

وبعد فقد اطلعت على هذه الأوراق في معنى لا اله الا الله وشروطها وما تستلزمه وهي صحيحة موافقة للأدلة ولتفسير العلماء المعتبرين قاله وكتبه عبد الله بن عبد الرحمن الجبرين عضو الافتاء برئاسة ادارة البحوث العلمية والافتاء وصلى الله على محمد وآله وصحبه وسلم

١١/٢/١٤١٦هـ

# معنى شهادة ان لا اله الا الله

## (المليبارية)

الشيخ عبد الكريم الديوان

( امام و خطيب ،جامع الزبير بن العوام، حي النهضة )

ناشر: المكتب التعاوني للدعوة و الارشاد و توعية الجاليات، بحي الروضة،الرياض
صف، مكتب اللجنة التنسيقية للمكاتب التعاونية، الروضة الرياض ت٤٩١٨٠٥١
ترجمة: الاخ محمد زكريا بن محمد، الطالب بجامعة الامام محمد بن سعود الاسلامية

# "ലാ ഇലാഹ ഇല്ലല്ലാഹ്"
# യുടെ പൊരുൾ

- ശൈഖ് അബ്ദുൽ കരീം ദീവാൻ

---

മക്തബ് ജാലിയാത്ത്, റൗദ,റിയാദ്. ഫോൺ: 4916051

# "ലാ ഇലാഹ ഇല്ലല്ലാഹ്" യുടെ പൊരുൾ

بسم الله الرحمن الرحيم

സർവ്വസ്തുതിയും അല്ലാഹുവിന്നാകുന്നു. മുഹമ്മദ് നബിക്കും അവിടുത്തെ അനുചരന്മാർക്കും അല്ലാഹുവിൽനിന്ന് രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണ് എന്ന സാക്ഷ്യമത്രെ ഇസ്ലാമിൻെറ അടിത്തറയും സൃഷ്ടികളോടുള്ള പ്രഥമ കൽപനയും എന്ന കാര്യത്തിൽ മുസ്ലിംകൾക്കിടയിൽ ഭിന്നിപ്പില്ല. കാഫിർ (അവിശ്വാസി) മുസ്ലിം ആകുന്നതിൻെറയും, ശത്രു മിത്രമാകുന്നതിൻെറയും രക്തവും ധനവും പവിത്രമാകുന്നതിൻെറയും മാനദണ്ഡം പ്രസ്തുത സാക്ഷ്യവചനമാണ്. അത് ഉരുവിടുന്നത് മുഖേനയല്ലാതെ ഒരവിശ്വാസിയും മുസ്ലിമായി ഗണിക്കപ്പെടുകയില്ല. അതിനാൽ ഈ സാക്ഷ്യമാണ് ഇസ്ലാമിൻെറ താക്കോലും ഒന്നാമത്തെ സതംഭവും. നബി

(സ) പറഞ്ഞു: ഇസ്ലാം അഞ്ചു കാര്യങ്ങളിൽ പടുത്തുയർത്തപ്പെട്ടു. ഒന്ന്: അല്ലാഹുവല്ലാതെ ആരാധ്യനില്ല, മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണ് എന്ന് സാക്ഷ്യം വഹിക്കലാകുന്നു.[1]

## സാധ്യമായിട്ടും ശഹാദത്ത്[2] ഉരുവിടാത്തവൻെറ വിധി എന്ത്?

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറയുന്നു: സാധ്യമായിട്ടും സക്ഷ്യവചനം ഉരുവിടാത്തവൻ കാഫിറാണെന്നതിൽ മുസ്ലിംകൾ ഏകാഭിപ്രായക്കാരാണ്. എന്നാൽ വിശ്വാസം പ്രഖ്യാപിക്കാൻ ശാരീരികമായോ മറ്റോ നിവൃത്തിയില്ലാത്തവൻ തൻെറ സാഹചര്യമനുസരിച്ച് പ്രവർത്തിച്ചാൽ മതി.

## ലാഇലാഹ ഇല്ലല്ലാഹ്'യുടെ പൊരുൾ

"ലാഇലാഹ ഇല്ലല്ലാഹ്"" എന്ന വാക്യം രണ്ടു വശമുൾകൊള്ളുന്നു. (ഒരു ദൈവവുമില്ല അഥവാ ആരാധ്യനുമില്ല) എന്ന നിഷേധ വശവും (അല്ലാഹു അല്ലാതെ) എന്ന സ്ഥിരീകരണ വശവും. അതിനാൽ അല്ലാഹു മാത്രമാണ് യഥാർത്ഥ ആരാധ്യൻ അഥവാ

---

1 ബുഖാരി മുസ്ലിം

2 ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്"" എന്ന സാക്ഷ്യവചനമാണ് "ശഹാദത്ത്"" കൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ല എന്നായി "ലാഇലാഹഇല്ലല്ലാഹ്" എന്ന വാക്യത്തിൻെറ അർത്ഥം.

എന്നാൽ ചിലർ കാര്യം മനസ്സിലാക്കുന്നില്ല; സാക്ഷ്യവാക്യം ഉരുവിട്ടാൽ തന്നെ മതി, അല്ലെങ്കിൽ അല്ലാഹുവിൻെറ അസ്തിത്വവും, അവൻെറ പരമാധികരവും അംഗീകരിച്ചാൽ മതി, അതോടെ ലാഇലാഹ ഇല്ലല്ലാഹ് യുടെ താദ്പര്യം പൂർത്തിയായി എന്നവർ ധരിക്കുന്നു. ഇത് ശരിയല്ല, കാരണം ബഹുദൈവാരാധകർ പോലും ഇത്തരം കാര്യങ്ങളെല്ലാം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു, പ്രത്യേകിച്ചും ജൂതന്മാരും കൃസ്ത്യാനികളും. അപ്പോൾ പിന്നെ അവരെയൊന്നും ഇസ്ലാമിലേക്ക് ക്ഷണിക്കേണ്ട ആവശ്യമില്ലല്ലോ.

## ഒരു സംശയം

അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല അഥവാ ആരാധ്യനില്ല എന്ന് പറയുന്നത് ശരിയാണോ? അല്ലാഹുവല്ലാത്ത ആരാധിക്കപ്പെടുന്ന ധാരാളം ദൈവങ്ങളുണ്ടല്ലോ അവയെ അല്ലാഹു തന്നെ ദൈവങ്ങൾ എന്ന് വിളിച്ചിട്ടുമുണ്ട്? നോക്കുക; ഖുർആൻ പറയുന്നു

فَمَا أَغْنَتْ عَنْهُمْ آلِهَتُهُمُ الَّتِي يَدْعُونَ مِنْ دُونِ اللهِ مِنْ شَيْءٍ لَمَّا جَاءَ أَمْرُ رَبِّكَ (هود ١٠١)

അല്ലാഹുവിൻെറ ശിക്ഷവന്നപ്പോൾ അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ദൈവങ്ങളൊന്നും അവർക്ക് പ്രയോജനപ്പെട്ടില്ല. [3]

ഉത്തരം: അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന ദൈവങ്ങളെല്ലാം മിഥ്യാദൈവങ്ങളാണ്. യഥാർത്ഥ ദൈവങ്ങളല്ല. അവക്കൊന്നും ആരാധ്യരായിരിക്കാനുള്ള അവകാശവുമില്ല. ഇതാണ് വസ്തുത. അല്ലാഹു പറയുന്നത് കാണുക:

ذَلِكَ بِأنّ اللّه هُوَ الحَقّ وَأنّ مَا يَدْعُونَ مِنْ دُونِهِ هُوَ البَاطِلُ وَ أنّ اللهَ هُوَ العَلِيّ الكَبِيرُ (الحج ٦٢)

കാരണം അല്ലാഹു മാത്രമാണ് യഥാർത്ഥം. അവനു പുറമെ പ്രാർത്ഥിക്കപ്പെടുന്നതെല്ലാം മിഥ്യയാണ്. അല്ലാഹു ഉന്നതനും വലിയവനുമാണ്.[4]

---

3 ഹൂദ്: 101

4 ഹജ്ജ്: 62

## കർമ്മങ്ങളുടെ മാനദണ്ഡം

"ലാഇലാഹ ഇല്ലല്ലാഹ" എന്ന വാക്യമുൾകൊള്ളുന്ന ആശയം തൗഹീദാണ്. തൗഹീദില്ലാതെ മനഷ്യൻെറ കർമങ്ങളൊന്നും സാധുവാകുകയില്ല. ഒരു കർമ്മവും അവന് പ്രയോജനപ്പെടുകയുമില്ല. എല്ലാം നിഷ്ഫലമായി. കാരണം ശിർക്കിനോടൊപ്പം ആരാധനാകർമങ്ങൾ യാതൊന്നും സ്വീകരിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നത് കാണുക;

مَا كَانَ لِلْمُشْرِكِينَ أَنْ يَعْمُرُوا مَسَاجِدَ اللهِ شَاهِدِينَ عَلَى أَنْفُسِهِمْ بِالْكُفْرِ

أُولَئِكَ حَبِطَتْ أَعْمَالُهُمْ وَفِي النَارِ هُمْ خَالِدُونَ (التوبة١٧)

ബഹുദൈവവാദികൾക്ക് സത്യ നിഷേധത്തിന് സ്വയം സാക്ഷികളായിക്കൊണ്ട് അല്ലാഹുവിൻെറ പള്ളികൾ പരിപാലിക്കാനവകാശമില്ല. അത്തരക്കാരുടെ കർമങ്ങൾ നിഷ്ഫല മായിരിക്കുന്നു. നരകത്തിൽ അവർ നിത്യവാസികളായിരിക്കുകയും ചെയ്യും.[5]

---

5 തൗബ:17

## ശഹാദത്തിൻെറ ഘടകങ്ങൾ

നാവു കൊണ്ട് ഉരുവിട്ടാൽ തന്നെ ശഹാദത്തിൻെറ ലക്ഷ്യം പൂർത്തിയായില്ലേ? ചിലർ ചോദിക്കാറുണ്ട്. ലാഇലാഹ ഇല്ലല്ലാഹ് ചൊല്ലി, പിന്നെ തോന്നിയതെല്ലാം ചെയ്യാമെന്നാണവരുടെ ധാരണ. ഈ ധാരണ ശരിയല്ല, വമ്പിച്ച അജ്ഞതയാണത്. കാരണം "ലാഇലാഹ ഇല്ലല്ലാഹ്" ഒരു മഹത്തായ സാക്ഷ്യവാക്യമാണ്. അത് കേവലം ഉരുവിടാനുള്ള വചനമല്ല. മറിച്ചു, പ്രയോഗവൽകരിക്കാനുള്ള ആശയമാണ്. ഉച്ചരിക്കുന്നതോടൊപ്പം വിശ്വസിക്കുകയും തദനുസാരം പ്രവർത്തിക്കുകയും വേണം. മാത്രമല്ല, അതിനു വിരുദ്ധമായതെല്ലാം കൈവെടിയണം. അപ്പോൾ മാത്രമേ ഒരാൾ രക്തവും ധനവും പവിത്രമായ രീതിയിൽ യഥാർത്ഥ മുസ്‌ലിമാവുകയുള്ളു. മറിച്ചു ആശയം ഗ്രഹിക്കുകയോ തദനുസാരം പ്രവർത്തിക്കുകയോ ചെയ്യാതെ ശഹാദത്ത് ചൊല്ലിയത് കൊണ്ട് മാത്രം ഒരു പ്രയോജനവുമില്ല.

അതിനാൽ എന്തെല്ലാം മുഖേനയാണ് ശഹാദത്ത് യാഥാർത്ഥ്യമാകുന്നതെന്ന് ശ്രദ്ധിക്കുക:

(1) അല്ലാഹുവെ മാത്രം ആരാധിക്കുക.

നമസ്കാരം, നോമ്പ്, പ്രാർത്ഥന, ഇസ്തിഗാസ (സഹായം തേടൽ), നേർച്ച, ബലി തുടങ്ങി

ആരാധനകളഖിലവും അല്ലാഹുവിന് മാത്രം ചെയ്യുക. ആരാധനയുടെ ഏതെങ്കിലും വശം അല്ലാഹു അല്ലാത്തവർക്ക് അർപ്പിച്ചാൽ അവൻ ഏകദൈവാരാധകനല്ല, ബഹുദൈവ വിശ്വാസിയാണ്. അവൻ ലാഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യം പൂർത്തീകരിച്ചില്ല. അല്ലാഹു പറയുന്നു:

وَقَضَى رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ ( الاسراء ٢٣ )

തന്നെ മാത്രമേ ആരാധിക്കാവൂ എന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.[6]

"ലാഇലാഹ ഇല്ലല്ലാഹ്" യുടെ അർത്ഥമാണിത്. ബഹുദൈവാരാധകനായി ലാഇലാഹ ഇല്ലല്ലാഹ് ചൊല്ലുന്നവനോട് തൗഹീദിലേക്ക് മടങ്ങുന്നത് വരെ യുദ്ധമാണെന്നാണ് പണ്ഡിതമതം.

(2) അല്ലാഹു അറിയിച്ചതെല്ലാം വിശ്വസിക്കുക

സ്വർഗം, നരകം, വേദഗ്രന്ഥങ്ങൾ, ദൈവദൂതന്മാർ, പരലോകം, വിധിനിർണയം മുതലായ അല്ലാഹുവും അവന്റെ ദൂതനും നമ്മെ അറിയിച്ച എല്ലാ കാര്യങ്ങളിലും പൂർണമായി വിശ്വസിക്കുക.

---

6 ഇസ്റാഅ്: 23

(૩) അല്ലാഹു അല്ലാത്ത ആരാധിക്കപ്പെടുന്ന സകലത്തെയും അവിശ്വസിക്കുക.

നബി (സ) പറഞ്ഞു: "ലാഇലാഹ ഇല്ലല്ലാഹ്" എന്നു പ്രഖ്യാപിക്കുകയും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുകയും ചെയ്യുന്നവന്റെ രക്തവും ധനവും പവിത്രമാണ്. അവന്റെ വിചാരണ അല്ലാഹുവിങ്കലത്രെ.

രക്തവും സമ്പത്തും പവിത്രമാകുന്നതിനെ നബി(സ) രണ്ടു കാര്യങ്ങളിലാണ് ബന്ധപ്പെടുത്തിയത്:

ഒന്ന്: "ലാഇലാഹ ഇല്ലല്ലാഹ്" എന്ന് പ്രഖ്യാപിക്കുക.

രണ്ട്: അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുക.

അപ്പോൾ സത്യവിശ്വാസി ബഹുദൈവാരാധകരിൽ നിന്നു മുക്തനാകണം. അവരുടെ ആരാധനകളിൽ അതൃപ്തനാകണം. ഇബ്രാഹിം നബി (അ) പറഞ്ഞത് കാണുക:

اِنَّنِي بَرَاءٌ مِمَّا تَعْبُدُونَ اِلاَّ الذِي فَطَرَنِي

എന്നെ സൃഷ്ടിച്ചവനല്ലാത്ത നിങ്ങൾ ആരാധിക്കുന്ന സകലതിൽ നിന്നും ഞാൻ മുക്തനാണ്.7

ഈ ആശയം തന്നെയാണ് മറ്റൊരിടത്ത് അല്ലാഹു പറഞ്ഞത്:

فَمَنْ يَكْفُرْ بِالطاغُوتِ وَ يُؤْمِنْ بِاللهِ فَقَدْ اسْتَمْسَكَ بِالعُرْوَةِ الوُثْقَى (البقرة ٢٥٨)

ത്വാഗൂത്തിനെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ബലമേറിയ പാശമാണ് മുറുകെപിടിച്ചത്.8

ബലമേറിയ പാശം കൊണ്ടുദ്ദേശിക്കുന്നത് ഇസ്ലാമാണ്. അതിൻെറ മുഖമുദ്ര ആത്മാർത്ഥതയാണ് ത്വാഗൂത്തിനെ അവിശ്വസിക്കുക എന്നാൽ അവക്കുള്ള ആരാധനയെ വെറുക്കുകയും അതിൽനിന്നു മുക്തനാകലുമാണ്.

ത്വാഗൂത്തെന്നത് അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന എല്ലാത്തിനുമുള്ള പേരാണ്. എന്നാൽ പ്രവാചകന്മാർ, മാലാഖമാർ സദ്വൃത്തർ മുതലായവർ ആരാധിക്കപ്പെടുന്നുണ്ടെങ്കിലും അവരൊന്നും ത്വാഗൂത്തുകളല്ല.

---

7 സുഖ്റുഫ്: 26,27

8 അൽ ബഖറ: 256

കാരണം തങ്ങൾ ആരാധിക്കപ്പെടുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. അതിനാൽ അവർക്കുള്ള ആരാധന പൈശാചിക പ്രവർത്തനം മാത്രമാണ്.

(4) അല്ലാഹുവും അവൻെറ ദൂതനും കൽപിച്ചത് അനുസരിച്ച് "ലാഇലാഹ ഇല്ലല്ലാഹ്"" യുടെ താൽപര്യം പ്രാവർത്തികമാക്കുക. അല്ലാഹു പറഞ്ഞു:

فَإِنْ تَابُوا وَ أَقَامُوا الصَّلاَةَ وَ آتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ ( التوبة ٥ )

ഇനി അവർ പശ്ചാതപിക്കുകയും നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കിക്കൊടുക്കുക. 9

നബി(സ) പറഞ്ഞു: "ലാഇലാഹഇല്ലല്ലാഹ് മുഹമ്മദു റസൂലുള്ളാഹ്"" എന്ന് സാക്ഷ്യം വഹിച്ച്, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുന്നത് വരെയാണ് ജനങ്ങളുമായി യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടത്. അങ്ങനെ അവർ ചെയ്താൽ അവരുടെ രക്തവും ധനവും എൻെറയടുക്കൽ പവിത്രമായിരിക്കും; ഇസ്ലാമിൻെറ അവകാശങ്ങൾക്കൊഴികെ. അവരുടെ വിചാരണ

---

9 തൗബ: 5

അല്ലാഹുവിങ്കലാണ്. 10

അഥവാ അവർ ശിർക്കിൽനിന്ന് തൗഹീദിലേക്ക് മടങ്ങി, നമസ്കരിക്കാനും സകാത്ത് നൽകാനും തയ്യാറായാൽ അവരെ സൈ്വരൃമായി ജീവിക്കാൻ അനുവദിക്കണമെന്നർത്ഥം.

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ: പറയുന്നു: സ്പഷ്ടവും തർക്കമറ്റതുമായ ഇസ്ലാമിന്റെ നിയമങ്ങൾ പാലിക്കാൻ വിസമ്മതിക്കുന്ന എല്ലാ വിഭാഗത്തോടും യുദ്ധം ചെയ്യണം; അവരത് പാലിക്കുന്നത് വരെ. അവർ ശഹാദത്ത്ചൊല്ലിയവരും മതശാസനകളിൽ ചിലത് പാലിക്കുന്നവരും ആണെങ്കിൽ പോലും. ഖലീഫാ അബൂബക്കറും സ്വഹാബികളും (റ) സകാത്ത് നൽകാൻ വിസമ്മതിച്ചവരോട് യുദ്ധം ചെയ്തതുപോലെ. അവരുടെ പിൻഗാമികളായ കർമ്മശാസ്ത്ര പണ്ഡിതന്മാർക്കെല്ലാം ഈ കാര്യത്തിൽ ഏകാഭിപ്രായമാണുള്ളത്.11

---

10 ബുഖാരി, മുസ്ലിം

11 تيسير العزيز الحميد في شرح كتاب الوحيد للشيخ عبد الله بن سليمان بن محمد بن عبد الوهاب

# ശഹാദത്തിൻെറ നിബന്ധനകൾ .

1) ദൃഢമായ അറിവ്. നേരത്തെ പറഞ്ഞ പോലെ അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി ആരുമില്ലെന്ന് ശരിക്കും ഗ്രഹിക്കുക.

2) ഉറപ്പ്. അല്ലാഹു മാത്രമാണ് ആരാധനക്കർഹനെന്ന് സന്ദേഹത്തിന് പഴുതില്ലാത്തവിധം മനസ്സിൽ ഉറപ്പിച്ചു കൊണ്ടാകണം പ്രഖ്യാപിക്കേണ്ടത്

3) നിഷ്കളങ്കത. എല്ലാ ആരാധനകളും തൻെറ രക്ഷിതാവിന് മാത്രം നിഷ്കളങ്കമായി ചെയ്യണം. അതിൽ നിന്ന് യാതൊന്നും അല്ലാഹു അല്ലാത്തവർക്കാകരുത്.

4) സത്യസന്ധത. തൻെറ സാക്ഷ്യപ്രഖ്യാപനം സത്യസന്ധമായിരിക്കണം മനസിലുള്ളതാകണം നാവുകൊണ്ട് പറയുന്നത് നാവുകൊണ്ട് പറയുന്നതാകണം മനസ്സിലുള്ളത്. മസസ്സിൽ വിശ്വാസമില്ലാതെ നാവുകൊണ്ട് ഉരുവിടുന്നതിൽ അർത്ഥമില്ല. അവൻ സത്യത്തെ നിഷേധിക്കുന്ന കപടവിശ്വാസിയാണ്.

5) സ്നേഹം. അല്ലാഹുവെ സ്നേഹിക്കണം. അല്ലാഹുവോട് സ്നേഹമില്ലാതെ "ശഹാദത്ത്" ചെല്ലുന്നവൻ ദൈവധിക്കാരിയാണ്.

6) വിധേയത്വം. അല്ലാഹുവെ മാത്രം ആരാധിക്കുന്നതോടൊപ്പം അവൻെറ നിയമങ്ങളിൽ വിശ്വസിക്കുകയും അവക്ക് കീഴ്പെട്ടു ജീവിക്കുകയും വേണം. അവ സത്യമാണെന്ന് വിശ്വസിക്കണം അതിന് വിസമ്മതിക്കുന്നവൻ മുസ്ലിമല്ല; ഇബ്ലീസിനെ പ്പോലെയാണവൻ.

7) സ്വീകാര്യത. ആരാധന അല്ലാഹുവിന് മാത്രമാക്കുക, മറ്റെല്ലാ ആരാധ്യരെയും കൈവെടിയുക, എന്ന 'ശഹാദത്തിൻെറ' തേട്ടം അംഗീകരിക്കുകയും അതിൽ തൃപ്തനാവുകയും ചെയ്യണം.

## ശഹാദത്തിന് വിരുദ്ധമായ കാര്യങ്ങൾ

1) തനിക്കും അല്ലാഹുവിനും മദ്ധ്യേ ഇടയാളന്മാരെ സങ്കൽപിച്ച് അവരോട് പ്രാർത്ഥിക്കുക, ശുപാർശ തേടുക, അവരിൽ കാര്യങ്ങൾ ഭരമേൽപിക്കുക. ഇങ്ങനെ ചെയ്യുന്നവൻ കാഫിറാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നതയില്ല.

2) ബഹുദൈവാരാധകർ കാഫിറാണെന്ന് വിശ്വസിക്കാതിരിക്കുകയോ അക്കാര്യത്തിൽ സംശയാലു ക്കളാവുകയോ അല്ലെങ്കിൽ അവരുടെ സിദ്ധാന്തങ്ങൾ ശരിയെന്ന് വിശ്വസിക്കുകയോ ചെയ്യുക.

അങ്ങിനെയുള്ളവനും കാഫിറാണ്.

3) മുഹമ്മദ് നബി (സ) യുടേതല്ലാത്ത മറ്റൊരു സന്ദേശമാണ് പരിപൂർണമെന്നോ, അവിടുത്തേതല്ലാത്തവരുടെ വിധിയാണ് നല്ലതെന്നോ വിശ്വസിക്കുക. ത്വാഗൂത്തിൻെറ വിധിയാണ് മെച്ചപ്പെട്ടതെന്ന് ധരിക്കുന്നവനെപ്പോലെ.

4) നബി (സ) കൊണ്ടുവന്ന ഏതെങ്കിലും കാര്യങ്ങളോട് വെറുപ്പുണ്ടാവുക. അത്തരം ഒരാൾ ആ കാര്യം ചെയ്യുന്നവനാണെങ്കിലും അവൻ കാഫിറായി ഗണിക്കപ്പെടും.

5) നബി (സ) കൊണ്ടുവന്ന മതത്തിലെ ശിക്ഷാവിധിയെയോ, പ്രതിഫലത്തെയോ, മറ്റ് ഏതെങ്കിലും കാര്യത്തെയോ പരിഹസിക്കുക. അങ്ങനെ ചെയ്യുന്നവൻ കാഫിറാണ്. അവൻ "ശഹാദത്ത്" ചൊല്ലുന്നത് കൊണ്ട് മാത്രം പ്രയോജനമില്ല.

6) മുസ്ലിംകൾക്കെതിരെ ബഹുദൈവാരാധകരെ സഹായിക്കുക.

7) ചില മനുഷ്യർക്ക് മുഹമ്മദ് നബിയുടെ ശരീഅത്ത് (മതനിയമങ്ങൾ) ബാധകമല്ല എന്ന് വിശ്വസിക്കുക.

8) ദൈവീക മതം പഠിക്കുകയോ പ്രാവർത്തി കമാക്കുകയോ

ചെയ്യാതെ അതിനോട് പുറംതിരിഞ്ഞു നിൽക്കുക.

9) അല്ലാഹുവിൻെറ മതത്തിൽ സ്ഥിരപ്പെട്ട ഏതെങ്കിലും കാര്യം കളവാക്കുക.

10) അല്ലാഹുവും അവൻെറ ദൂതരും ഹറാമാക്കിയ ഏതെങ്കിലും കാര്യം അനുവദനീയമായി ഗണിക്കുക. ഉദ: പലിശയും വ്യഭിചാരവും അനവദനീയമാണെന്ന് വാദിക്കുക.

## ഒരുചോദ്യം?

ഇമാം ബുഖാരിയും ഇമാം മുസ്ലിമും സംയുക്തമായി റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് ഇങ്ങനെയാണ്; നബി(സ) പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുകയും പിന്നെ അതേ അവസ്ഥയിൽ മരണപ്പെടുകയും ചെയ്യുന്നവൻ സ്വർഗത്തിൽ പ്രവേശിച്ചു.

അതുപോലെ ഇമാം മുസ്ലിം റിപ്പേർട്ട് ചെയ്യുന്ന ഹദീസിൽ " അല്ലാഹു അല്ലാതെ ആരാധ്യനില്ല, മുഹമ്മദ് അവൻെറ ദൂതനും ദാസനുമാണ് എന്ന് സാക്ഷ്യം വഹിക്കുന്നവന് അല്ലാഹു നരകം വിലക്കിയിരിക്കുന്നു" എന്നും കാണാം.

നാവുകൊണ്ട് "ശഹാദത്ത്" ചൊല്ലിയാൽ തന്നെ നരകം നിഷിദ്ധമാക്കപ്പെടുകയും സ്വർഗപ്രവേശനം

സിദ്ധിക്കുകയും ചെയ്യുമെന്നാണല്ലോ ഈ ഹദീസുകളിൽ നിന്നും പ്രത്യക്ഷത്തിൽ മനസ്സിലാവുന്നത്. അതിനാൽ ഈ ആശയത്തിലുള്ള ഹദീസുകളെപ്പറ്റി എന്തു പറയുന്നു?.

<u>ഉത്തരം:</u> ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃ പറഞ്ഞതാണ് ഈ വിഷയത്തിലെ ഏറ്റവും നല്ല മറുപടി. അദ്ദേഹം പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുകയും അതേ നിലപാടിൽ മൃതിയടയുകയും ചെയ്തവരെപ്പറ്റിയാണ് ഈ ഹദീസുകളെല്ലാം. ചില റിപ്പോർട്ടുകളിൽ "നിഷ്കളങ്കമനസ്സോടെ" എന്ന ഉപാധിയും കാണാം, അഥവാ സന്ദേഹത്തിന് പഴുതില്ലാതെ ദൃഢവിശ്വാസത്തോടെ, സത്യസന്ധമായി പ്രഖ്യാപിക്കണമെന്നർത്ഥം. നിഷ്കപടമായ പശ്ചാതാപത്താൽ ആത്മാവിന് അല്ലാഹുവോടുള്ള അഭിവാഞ്ചയാണ് തൗഹീദിന്റെ പൊരുൾ. ഇത്തരം അവസ്ഥയിൽ മരിക്കുന്നവന് മേൽപറഞ്ഞ കാര്യം നേടാം.

എന്നാൽ ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുകയും മനസ്സിൽ അൽപമെങ്കിലും നന്മ അവശേഷിക്കുകയും ചെയ്ത എല്ലാവരും തീർച്ചയായും നരകത്തിൽ നിന്നു മോചിപ്പിക്കപ്പെടും. സന്ദേഹത്തിന് പഴുതില്ലാത്ത വിധം ഹദീസുകളിൽ സ്ഥിരപ്പെട്ട കാര്യമാണത്. അതുപോലെ സുജൂദിന്റെ സ്ഥാനങ്ങൾക്ക് നരകം വിലക്കപ്പെട്ടി രിക്കുന്നുവെന്നും. അഥവാ "ലാഇലാഹ ഇല്ലല്ലാഹ്" എന്ന് പ്രഖ്യാപിച്ചവരും നരകത്തിൽ പ്രവേശിക്കാനിടയുണ്ടെന്നും

ഈ ഹദീസുകളിൽ നിന്ന് വ്യക്തമാണ്.

എന്നാൽ ശഹാദത്ത് ചൊല്ലുന്നവന് നരകം വിലക്കപ്പെട്ടിരിക്കുന്നു എന്ന ആശയത്തിലുള്ള ഹദീസുകൾ നിരുപാധികമല്ല, ശക്തമായ ഉപാധികൾ സഹിതമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ശഹാദത്ത് ചെല്ലുന്നവരിൽ മിക്കരും അത് ഉരുവിടുന്നത് പൈതൃകമായി ലഭിച്ചതെന്ന നിലക്കോ, ഒരാചാരമെന്ന രീതിയിലോ ആണ്. അവരുടെ മനസ്സിനുള്ളിലേക്ക് ഈമാൻ പ്രവേശിച്ചിട്ടില്ല. ഇത്തരം ആളുകൾക്ക് ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുകയും അതേ നിലപാടിൽ മൃതിയടയുകയും ചെയ്യണമെന്ന ഉപാധി കൈവരിക്കാൻ സാധിച്ചില്ലെന്ന് വരാം.

അതിനാൽ ഇവിടെ ഹദീസുകൾ തമ്മിൽ വൈരുദ്ധ്യമില്ല. പരിപൂർണ ഉറപ്പോടെ, നിഷ്കളങ്കമായി ശഹാദത്ത് ചൊല്ലുന്നവൻ ഒരിക്കലും പാപത്തിൽ ഉറച്ചു നിൽക്കുകയില്ല. സർവ്വത്തെക്കാളും അവന് പ്രിയപ്പെട്ടത് അല്ലാഹു ആയിരിക്കും അതിനാൽ അല്ലാഹു വിലക്കിയതൊന്നും ചെയ്യാൻ അവൻെറ മനസ്സിൽ താൽപര്യമുണ്ടാവുകയില്ല. അല്ലാഹു കൽപിച്ചതിനോടൊന്നും അവന് വെറുപ്പുമുണ്ടാവുകയില്ല. അവൻെറ ഈ പ്രത്യേകത തന്നെയാണവന് നരകം നിഷിദ്ധമാക്കുന്ന ഘടകവും.12

---

12 تيسير العزيز الحميد باب فضل التوحيد وما يكفر من الذنوب

ഹസൻ (റ) നോട് ചിലർ പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് എന്ന് ഉരുവിടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് ചില ആളുകൾ പറയുന്നുണ്ടല്ലോ? അദ്ദേഹം പ്രതികരിച്ചു. "ശരിയാണ്". ലാഇലാഹ ഇല്ലല്ലാഹ് പറയുകയും അതിൻെറ അവകാശവും അനിവാര്യതയും പൂർത്തീകരിക്കുകുയും ചെയ്തവൻ സ്വർഗത്തിൽ പ്രവേശിക്കും".

വഹബ് ബ്നു മുനബ്ബഹ്(റ) നോട് ചിലർ ചോദിച്ചു: ലാഇലാഹ ഇല്ലല്ലാഹ് സ്വർഗത്തിൻെറ താക്കോലല്ലേ? അദ്ദേഹം പറഞ്ഞു: അതെ, എല്ലാ താക്കോലുകൾക്കും പ്രത്യേക പല്ലുകളുണ്ടാവും. പൂട്ടിനോട് യോജിച്ച പല്ലുകളുണ്ടെങ്കിൽ മാത്രമേ പൂട്ട് തുറക്കുകയുള്ളൂ. അതല്ലാത്തവ കൊണ്ടത് തുറക്കുകയില്ല. (അഥവാ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞതുകൊണ്ട് മാത്രമായില്ല; അതിനു യോചിച്ചതായിരിക്കണം പ്രവർത്തനങ്ങൾ എന്നർത്ഥം. വിവ.)

വിവ: എൻ.വി.സകരിയ്യ, അരീക്കോട്.

و صلى الله على نبينا محمد و على آله و صحبه